"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണവകുപ്പ്- പഞ്ചായത്ത് വകുപ്പ്- ജീവനക്കാര്യം -ആശ്രിത നിയമന പദ്ധതി- കോട്ടയം ജില്ലയിലെ മാടപ്പള്ളി ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പർ ആയിരിക്കെ മരണമടഞ്ഞ രാധ വി എന്നവരുടെ മകളും ആശ്രിതയുമായ ശ്രീമതി.മോനിഷ.എം - പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ - നിയമനം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(കൈ) നം.120/2023/LSGD തീയതി,തിരുവനന്തപുരം, 26-05-2023

---

പരാമർശം:-

1. ജി.ഒ. (പി) നം. 12/99/പി & എ ആർ.ഡി തീയതി, 24.05.1999.
2. ജി.ഒ.(പി) നം. 14/10/പി & എ ആർ.ഡി തീയതി, 12/04/2010.
3. 21.02.2018-ലെ സ.ഉ(കൈ)നം.5/2018/ഉ.ഭ.പ.വ.
4. ശ്രീമതി.മോനിഷ.എം ന്റെ 29.12.2021- ലെ അപേക്ഷ.
5. പഞ്ചായത്ത് ഡയറക്ടറുടെ 04.04.2022 -ലെ PAN/ 3701/2022- E14(DP) നമ്പർ കത്ത്.
6. ആലപ്പുഴ ജില്ലാ കളക്ടറുടെ 30.03.2023-ലെ DCALP/11227/2022-A7നം. കത്ത്.

**<u>ഉത്തരവ്</u>**

കോട്ടയം ജില്ലയിലെ മാടപ്പള്ളി ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പർ ആയിരിക്കെ മരണമടഞ്ഞ രാധ വി എന്നവരുടെ മകളും ആശ്രിതയുമായ ശ്രീമതി.മോനിഷ.എം സർവ്വീസിലിരിക്കെ മരണമടഞ്ഞവരുടെ ആശ്രിതർക്കുള്ള ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി പരാമർ ശം ( 4 ) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം ( 5 ) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചു. പരേതയായ രാധ വി യ്ക്ക് 1 4 വർ ഷം 0 4 മാസം 2 9 ദിവസത്തെ സേവനകാലമുണ്ട് .

2. കോട്ടയം ജില്ലയിലെ മാടപ്പള്ളി ഗ്രാമപഞ്ചായത്തിൽ ക്ലാർക്കായിരിക്കെ 28.07.2021 ലാണ് രാധ വി നിര്യാതയാവുന്നത്. അപേക്ഷകയായ ശ്രീമതി.മോനിഷ.എം പരേതയുടെ മകളാണ്. ടിയാൾ നിശ്ചിത സമയപരിധിയ്ക്കകം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷകയുടെ ജനനതീയതി 01.05.1988 ആണ്. അപേക്ഷക 35 വയസ്സ് പൂർത്തിയായിട്ടുണ്ട്. അപേക്ഷക SSLC ,+2, പരീക്ഷകൾ പസ്സായിട്ടുണ്ട്. പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനത്തിനായാണ് ടിയാൾ അപേക്ഷിച്ചിട്ടുള്ളത്. പ്രസ്തുത തസ്തികയിൽ നിയമനം ലഭിക്കുന്നതിന് അപേക്ഷകയ്ക്ക് അർഹതയുണ്ട്.

3. അപേക്ഷയോടൊപ്പം രാധ വി യുടെ മരണസർട്ടിഫിക്കറ്റ്, അനന്തരാവകാശ സർട്ടിഫിക്കറ്റ്, സേവന സാക്ഷ്യപത്രം, അപേക്ഷകന്റെ പ്രായം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന

രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, അപേക്ഷകയുടെ വരുമാന സർട്ടിഫിക്കറ്റ്, സത്യവാങ്മൂലം, അനന്തരാവകാശ സർട്ടിഫിക്കറ്റിലെ മറ്റ് അവകാശികളുടെ സമ്മതപത്രം, സംരക്ഷണ സമ്മതമൊഴി തുടങ്ങിയ രേഖകളെല്ലാം സമർപ്പിച്ചിട്ടുണ്ട്. ടിയാളുടെ കുടുംബവാർഷിക വരുമാനം 48,000/-രൂപയാണ്. പരാമർശം (3)-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന ആശ്രിതരെ സംരക്ഷിച്ചുകൊള്ളാമെന്നുള്ള സമ്മതപത്രം ടിയാൻ സമർപ്പിച്ചിട്ടുണ്ട്.പഞ്ചായത്ത് ഡയറക്ടറും ആലപ്പുഴ ജില്ലാ കളക്ടറും ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്.

4. മേൽ സാഹചര്യത്തിൽ കോട്ടയം ജില്ലയിലെ മാടപ്പള്ളി ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പർ ആയിരിക്കെ മരണമടഞ്ഞ രാധ വി എന്നവരുടെ മകളും ആശ്രിതയുമായ ശ്രീമതി.മോനിഷ.എം (കൈതക്കാട്,പരവൂർ,പുന്നപ്ര നോർത്ത് പി.ഒ, ആലപ്പുഴ-688 014.) വയസ്സ്, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നസ്സ് മുതലായവയുടെ അസ്സൽ സാക്ഷ്യപത്രങ്ങൾ പരിശോധിച്ച് പരാമർശം (1),(2) -ലെ സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലും ടി നിയമനം ടി തസ്തികയിലെ ആകെ നിയമനത്തിന്റെ 5% ൽ അധികരിക്കരുതെന്ന വ്യവസ്ഥയിലും പഞ്ചായത്ത് വകുപ്പിൽ ആലപ്പുഴ ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

5. മരണമടഞ്ഞ രാധ വി യുടെ സേവന പുസ്തകത്തിലും എസ്റ്റാബ്ളിഷ്മെന്റ് രജിസ്റ്ററിലും ആശ്രിത നിയമനം നൽകിയത് സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ പഞ്ചായത്ത് ഡയറക്ടർ നടത്തേണ്ടതാണ്. സർക്കാരിന്റെ വിവിധ ഏജൻസികൾ മുഖാന്തിരം നടത്തുന്ന അന്വേഷണത്തിൽ, അപേക്ഷ നൽകുന്ന സമയത്തോ തെറ്റായ വിവരം നൽകുകയോ യഥാർത്ഥ വിവരം മറച്ചു വയ്ക്കുകയോ ചെയ്ത് ആശ്രിതനിയമനം കരസ്ഥമാക്കിയതായി വെളിപ്പെട്ടാൽ ടിയാൾക്ക് ആശ്രിതനിയമന വ്യവസ്ഥ പ്രകാരം നൽകുന്ന ജോലി അസാധുവാകുന്നതായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

ശ്രീമതി.മോനിഷ.എം (കൈതക്കാട്,പരവൂർ,പുന്നപ്ര നോർത്ത് പി.ഒ, ആലപ്പുഴ-688 014.)

ഡയറക്ടർ, റൂറൽ, എൽ.എസ്.ജി.ഡി., തിരുവനന്തപുരം(അനുബന്ധ രേഖകൾ സഹിതം).

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.

ജില്ലാ കളക്ടർ, ആലപ്പുഴ

സെക്രട്ടറി, മാടപ്പള്ളി ഗ്രാമപഞ്ചായത്ത് , ആലപ്പുഴ.

ഡയറക്ടർ. ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

വിവര പൊതുജന സമ്പർക്ക വകുപ്പ്, (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്, (ഇപിഎ3/118/2022/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
സെക്ഷൻ ഓഫീസർ
Date: 27-05-2023 11:27:47